**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :4812** — **19/05/2017 ൽ മറുപടിയ്ക്ക്**

**തനത് കശുവണ്ടി ഉല്പന്നങ്ങൾ ജനപ്രിയമാക്കുന്നതിന് നടപടി**

**ചോദ്യം**
**ശ്രീ.വി.അബ്ദുറഹിമാൻ**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ**
**( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കശുവണ്ടി വികസന കോർപ്പറേഷന്റെ തനത് ഉല്പന്നങ്ങൾ കൂടുതൽ ജനപ്രിയമാക്കുന്നതിനും കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) | പ്രാദേശിക വിപണി ശക്തമാക്കുന്നതിനു എക്സിബിഷൻ / മേളകളിൽ പങ്കെടുക്കുകയും കൂടുതൽ ആളുകൾ വാങ്ങുന്നതിനു ചെറിയ കൺസ്യൂമർ പാക്കറ്റുകളിൽ വിപണനം നടത്തുന്നുണ്ട്. വിദേശ മാർക്കറ്റ് കണ്ടെത്തുന്നതിനും ശ്രമം തുടരുകയാണ്. |
| (ബി) | കശുവണ്ടി തൊഴിലാളികളുടെ ക്ഷേമത്തിനും നിലനിൽപ്പിനുമായി പുതിയ എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ ; | (ബി) | പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും തോട്ടണ്ടിയുടെ ലഭ്യതക്കുറവും മൂലം അടഞ്ഞു കിടന്നിരുന്ന കശുവണ്ടി ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടത്തിയ നിരന്തര ഇടപെടലു കളിലൂടെ തുറന്ന് പ്രവർത്തനം ആരംഭി ച്ചിട്ടുണ്ട്. ഇപ്രകാരം ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ച് തൊഴിലാളികൾക്ക് അർഹമായ വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു. സ്വകാര്യ മേഖലയിലെ അടഞ്ഞുകിടന്ന 450 ലേറെ ഫാക്ടറികളും തുറന്നു പ്രവർത്തിച്ചു വരുന്നു.<br><br>2017-18 ലെ ബഡ്ജറ്റിൽ ഫാക്ടറികളുടെ നവീകരണത്തിനും, ഭാഗികയന്ത്രവൽക്കരണ ത്തിനുമായി കശുവണ്ടി വികസന കോർപ്പറേഷന് 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ 1 കോടി രൂപ കശുവണ്ടി വികസന കോർപ്പറേ ഷന്റെയും കാപെക്സിന്റെയും ബ്രാൻഡ് ബിൽഡിംഗിനായി അനുവദിക്കുകയും ചെയ്തു. ഇതിനു പുറമെ തോട്ടണ്ടി സംഭരണ ത്തിനായി കശുവണ്ടി വികസന |

| | | |
|---|---|---|
| | | കോർപ്പറേഷനും കാപെക്സിനുമായി 30 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ കശുവണ്ടി വ്യവസായത്തിന്റെ വികസനത്തിനു വേണ്ടി 20 കോടി രൂപയും ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്. ആവശ്യത്തിന് കശുവണ്ടി സംഭരിച്ച് തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകുന്നതിനുള്ള നടപടികളാണ് കശുവണ്ടി വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുള്ളത്. കൂടാതെ തൊഴിലാളികളുടേയും വ്യവസായത്തിന്റേയും ക്ഷേമത്തിനും നിലനിൽപ്പിനുമായി ഈ രംഗത്ത് നിലനിൽക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള കാഷ്യൂ ബോർഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. തോട്ടണ്ടി വിദേശ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നതിനും പരിപ്പ് വിതരണം ചെയ്യുന്നതുൾപ്പെടെ ഈ കമ്പനി മുഖാന്തിരം ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ